പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 7211

16.7.2012-ൽ
മറുപടിക്ക്

# അറയക്കൽ വില്ലേജിലെ പാറ ഖനനം

ചോദ്യം
ശ്രീ.കെ.രാജു :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കൊല്ലം ജില്ലയിലെ അറയ്ക്കൽ വില്ലേജിൽ ഉൾപ്പെട്ട പ്രദേശത്ത് നടത്തിയ പാറഖനനത്തിൽ എന്ത് തുക നഷ്ടം സംഭവിച്ചു എന്നാണ് റവന്യൂ വകുപ്പ് കണക്കാക്കി-യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) കൊല്ലം ജില്ലയിലെ അറയ്ക്കൽ വില്ലേജിൽ ഉൾപ്പെട്ട മലമേൽ പ്രദേശത്ത് നടത്തിയ പാറഖനനത്തിൽ 1,04,67,755/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി മൈനിംഗ് & ജിയോളജി വകുപ്പ് കണക്കാക്കിയിട്ടുണ്ട്. ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) 'ലീസ്' വ്യവസ്ഥ പ്രകാരമുള്ള സ്ഥലത്തിന് പുറത്തുനിന്നും പാറഖനനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് സർവ്വേ വകുപ്പും റവന്യൂ വകുപ്പും നടത്തിയ അന്വേഷണത്തിൽ ലീസിന് നൽകിയ സ്ഥലത്തിന് പുറത്തുനിന്നും ഖനനം നടന്ന പ്രദേശങ്ങളുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ ; ഇവ തമ്മിൽ വൈരുദ്ധ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഷയത്തിൽ റവന്യൂ അധികൃതർ ക്വാറി ഉടമകളെ സഹായിക്കുന്നതായി കരുതുന്നുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) സർവ്വേ വകുപ്പിലെ രേഖകളുടെ അടിസ്ഥാനത്തിൽ ലീസ് ഏര്യായ്ക്ക് പുറത്തുള്ള 27.40 ആർസ് സ്ഥലത്തും റവന്യൂ വകുപ്പ് രേഖകളുടെ അടിസ്ഥാനത്തിൽ ലീസ് ഏര്യയ്ക്ക് പുറത്തുള്ള 28.31 ആർസ് സ്ഥലത്തും അനധികൃത പാറഖനനം നടത്തിയിട്ടുണ്ട് ; വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; മലമേൽ പ്രദേശത്ത് ക്വാറി ഉടമയും സമീപസ്ഥരും കയ്യേറിയിരുന്ന മുഴുവൻ സർക്കാർ ഭൂമിയും സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. |

Rajeev

സെക്ഷൻ ഓഫീസർ

K/